**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2514

09.07.2015 ൽ മറുപടിയ്ക്ക്

**അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകളുടെ ചൂഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.സാജു പോൾ<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങൾ മാനേജ്മെന്റുകളുടെ കഠിനമായ ചൂഷണത്തിന് വിധേയമാവുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV (AA) യിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007 ൽ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശുപാർശയനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു.<br>കൂടാതെ അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽ നിന്ന് സ.ഉ.(പി) 155/2011/തൊഴിൽ നമ്പരായി 12.09.2011 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

.......2

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സിയ്ക്കുള്ള മാനദണ്ഡത്തിൽ തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. |
| (സി) | ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ മറികടക്കുന്നതിന് പിരിച്ചുവിടലും മറ്റ് കുറുക്കുവഴികളും മാനേജ്മെന്റുകൾ സ്വീകരിക്കുന്നതായി ഉയർന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; | (സി) | പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ മേഖലയിൽ നടക്കുന്ന ചൂഷണം തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടികൾ വൈകുന്നത് എന്തു കൊണ്ടെന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ